# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4302

17/12/2014-ൽ മറുപടിക്ക്

## മന്ത് രോഗം

ചോദ്യം

മറുപടി

ശ്രീ.വി.ചെന്താമരാക്ഷൻ

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പുമന്ത്രി)

എ) സംസ്ഥാനത്ത് മന്ത് രോഗം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

എ) രാത്രികാല രക്ത പരിശോധന, ജില്ലാ ആശുപത്രികളിൽ നടത്തുന്ന സ്റ്റാറ്റിക് ക്ലിനിക്കുകൾ, മന്ത് രോഗ പരിചരണ ക്ലിനിക്കുകൾ, മന്ത് രോഗ നിവാരണ ഗുളികകൾ നൽകുക, എല്ലാ പഞ്ചായത്തിലും വാർഡുതലത്തിലുള്ള ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക, മന്ത് രോഗം പരത്തുന്ന കൊതുകുകളുടെ നിർമ്മാർജ്ജനം, അന്യസംസ്ഥാന തൊഴിലാളികളുടെ രാത്രികാല രക്തപരിശോധനയും ഗുളിക വിതരണവും, വർഷം തോറും നടത്തുന്ന മന്ത് രോഗ സമൂഹ ചികിൽസാ പദ്ധതി (എം.ഡി.എ) എന്നീ നടപടികൾ മന്ത് രോഗം തടയുന്നതിന് സ്വീകരിച്ചിട്ടുണ്ട്.

ബി) പാലക്കാട് ജില്ലയിൽ മന്ത് രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം പഞ്ചായത്തുകളിലാണ് മന്ത് രോഗം സ്ഥിരീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

ബി) പാലക്കാട് ജില്ലയിൽ മന്ത് രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കോങ്ങാട്, പർളി, കോട്ടുവായൂർ, കുഴൽമന്ദം, പഴമ്പാലക്കോട്, വടക്കാഞ്ചേരി, പുതുനഗരം, മലമ്പുഴ, പെരുവമ്പ മുതലായ പഞ്ചായത്തുകളിൽ മന്ത് രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലുള്ള അന്യ സംസ്ഥാന തൊഴിലാളികളുടെ രാത്രികാല രക്ത പരിശോധനയിൽ ധാരാളം മന്ത് രോഗവാഹകരെ കണ്ടെത്തുകയും അവർക്ക് വേണ്ട ചികിൽസ നടത്തുകയും ചെയ്തു. മന്ത് രോഗം പകർത്തുന്ന കൊതുകുകൾ ഉള്ളതിനാൽ തദ്ദേശീയർക്ക് രോഗം പകരാനുള്ള സാധ്യത വളരെ കൂടുതലാണ്.

സി) ജില്ലയിൽ മന്ത് രോഗം തടയുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

രാത്രികാല രക്ത പരിശോധന, ജില്ലാ ആശുപത്രികളിലെ സ്റ്റാറ്റിക് ക്ലിനിക്കുകൾ, മന്ത് രോഗ നിവാരണ ഗുളികകൾ നൽകൽ, മന്ത് രോഗ പരിചരണ ക്ലിനിക്കുകൾ, അന്യ സംസ്ഥാന തൊഴിലാളികളുടെ രാത്രികാല രക്തപരിശോധനയും ചികിൽസയും, മന്ത് രോഗം പരത്തുന്ന കൊതുകുകളുടെ നിർമ്മാർജ്ജനം, വർഷം തോറും നടത്തുന്ന സമൂഹ ചികിൽസാ പദ്ധതി, വാർഡ് തലത്തിൽ നടത്തുന്ന ബോധവൽക്കരണ ക്ലാസുകൾ ഇതൊക്കെയാണ് ജില്ലയിൽ മന്ത് രോഗം തടയുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ.

സെക്ഷൻ ഓഫീസർ